(എ) കൺസ്യൂമർ ഫെഡിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാവുംവിധം തകർച്ചയെ അഭിമുഖീകരിക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവിപണികളിൽ വിലക്കയറ്റം തടയുന്നതിന് ഏറെ പ്രയോജനകരമായ രീതിയിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർഫെഡ് ഇത്തരത്തിൽ തകർച്ചയിൽ എത്താനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) പൊതുവിപണിയിൽ ഇടപെടേണ്ടുന്ന സഹകരണ സ്ഥാപനങ്ങൾ തകർക്കപ്പെട്ടാൽ സാധാരണക്കാർക്ക് ഏതെല്ലാം രീതിയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ കൺസ്യൂമർഫെഡ് സാമ്പത്തിക പ്രതിസന്ധിനേരിടുന്ന സാഹചര്യത്തിൽ വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ യൂണിറ്റുകളിൽ ആവശ്യമായ അളവിൽ എത്തിക്കുന്നതിന് തടസ്സമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സർക്കാർ ഗ്യാരന്റിയോടെ വായ്പകൾ ലഭ്യമാക്കി ഫെഡറേഷൻ തലത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചുവരുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

92(2080) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിത്യോപയോഗ സാധനങ്ങൾ പലതും കൺസ്യൂമർ ഫെഡ്വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കാമോ ;

(സി) കൺസ്യൂമർ ഫെഡ് വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യുവകയിൽ സബ്സിഡിയായി കൺസ്യൂമർ ഫെഡിന് സർക്കാരിൽനിന്നും പണം ലഭിക്കാനുണ്ടോ ; ഉണ്ടെങ്കിൽ ഏതുവർഷം മുതൽ എത്ര തുക വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ തുക കൊടുത്തുതീർക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. കൺസ്യൂമർഫെഡിന് അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യംമൂലം ഫെഡറേഷന്റെ സ്റ്റോറുകളിൽ വേണ്ടത്ര ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുവാൻ കഴിയുന്നില്ല. അക്കാരണത്താൽ കൺസ്യൂമർഫെഡിന്റെ പൊതുവിലുള്ള പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ട്. ഈ ന്യൂനത പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡിന് സർക്കാർ ഫണ്ടുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആറ് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 150 കോടി രൂപ വായ്പ ലഭ്യമാക്കി, സാധനങ്ങൾ സംഭരിച്ച് ഫെഡറേഷന്റെ സ്റ്റോറുകളിലെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കൺസ്യൂമർഫെഡ്‌വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്ത വകയിൽ സബ്‌സിഡിയായി കൺസ്യൂമർഫെഡിന്റെ കണക്കുപ്രകാരം സർക്കാരിൽ നിന്നും 1998 ഓണംമുതൽ 2014 റംസാൻവരെ സർക്കാർ സബ്‌സിഡിയോടെ വിൽപന നടത്തിയ വകയിൽ ലഭിക്കേണ്ട 465.46 കോടി രൂപയിൽ സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചതായ 350.01 കോടി രൂപ കുറച്ചാൽ ബാക്കി 115.45 കോടി രൂപ ലഭിക്കാനുണ്ട്.

(ഡി) ടി തുക തൽവർഷത്തെ ബഡ്ജറ്റിൽ സബ്‌സിഡിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും 15 കോടി രൂപയും ബാക്കിയുള്ള തുക എസ്.ഡി.ജി. മുഖാന്തിരവും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

93(T2081) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങൾ/സ്റ്റോറുകൾ നിലവിൽ ഉണ്ട് ; ഇവ എവിടെയൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കൺസ്യൂമർ ഫെഡിൽ എത്ര കോടി രൂപയുടെ ബിസിനസ്സ് നടത്തിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് നല്കുമോ ;

(സി) ഈ സ്ഥാപനത്തിന്റെ 2011 ജൂൺ മുതലുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly